## പതിമൂന്നാം കേരള നിയമസഭ

## പത്താം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ 1661 21.01.2014 ലെ മറുപടിയ്ക്ക്

## വയനാട് പാക്കേജ് നടത്തിപ്പിനുള്ള ഫീൽഡ് അസിസ്റ്റന്റുമാരുടെ നിയമനം

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. എസ്. രാജേന്ദ്രൻ | ശ്രീ. കെ.പി. മോഹനൻ<br>(കൃഷിയും മൃഗസംരക്ഷണവും, അച്ചടിയും, സ്റ്റേഷനറിയും വകുപ്പ് മന്ത്രി) |

| | | | |
|---|---|---|---|
| (എ) | വയനാട് പാക്കേജിന്റെ ഭാഗമായി ഫീൽഡ് അസിസ്റ്റന്റുമാരുടെ നിയമനം നടത്തിയിരുന്നുവോ; | (എ) | ഉണ്ട് |
| (ബി) | നിയമനത്തിനുള്ള മാനദണ്ഡം എന്തൊക്കെയായിരുന്നു; ഇതിനുള്ള ഉദ്യോഗസ്ഥരെ തെരഞ്ഞെടുത്തത് എപ്രകാരമായിരുന്നു ; | (ബി) | വി.എച്ച്.എസ്.ഇ (അഗ്രി), ബി എസ് സി (അഗ്രി) ഡിഗ്രി എന്നിവയാണ് ഫീൽഡ് അസിസ്റ്റന്റിന് നിശ്ചയിച്ചിരുന്ന യോഗ്യതാ മാനദണ്ഡം. അടിസ്ഥാന യോഗ്യതയുള്ളവരിൽ നിന്നും മുഖാമുഖം നടത്തിയാണ് ഫീൽഡ് അസിസ്റ്റന്റ് തസ്തികയിലേക്ക് ഉദ്യോഗസ്ഥരെ തെരഞ്ഞെടുത്തിട്ടുള്ളത്. വയനാട് ജില്ലാ കളക്ടർ അദ്ധ്യക്ഷനായുള്ള ഒരു കമ്മിറ്റിയാണ് ഉദ്യോഗസ്ഥരെ നിയമിക്കുന്നതിൽ അന്തിമ തീരുമാനം എടുത്തിട്ടുള്ളത്. |
| (സി) | റാങ്ക് ലിസ്റ്റ് അട്ടിമറിച്ചുകൊണ്ട് ഫീൽഡ് അസിസ്റ്റന്റ് നിയമനം നടത്തിയതായ വാർത്ത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഇതിന്റെ അടിസ്ഥാനത്തിൽ ഫീൽഡ് അസിസ്റ്റന്റ് നിയമനം റാങ്ക് ലിസ്റ്റ് പ്രകാരമാണോ നടന്നത് എന്നത് സംബന്ധിച്ച് പരിശോധിച്ചുവോ; വ്യക്തമാക്കാമോ? | (സി) | ഉണ്ട്. ഫീൽഡ് അസിസ്റ്റന്റുമാരുടെ നിയമനം റാങ്ക് ലിസ്റ്റ് പ്രകാരമാണ് നടത്തിയിട്ടുള്ളത്. |

സെക്ഷൻ ഓഫീസർ.